# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. യുവാക്കളുടെ പങ്കാളിത്തം രാഷ്ട്രനിർമ്മാണത്തെയും വികസനത്തെയും ത്വരിതപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, 15-ാമത് റോസ്ഗർമേളയിൽ 51000 ത്തിലധികം പേർക്ക് നിയമന പത്രം കൈമാറി.

   Youth participation will accelerate nation building and development, says PM Narendra Modi; Over 51,000 people receives appointment letters at 15th Rozgar Mela.

2. ദേശീയ തല റോസ്ഗർ മേളയുടെ ഭാഗമായി കേരളത്തിൽ നിയമനം ലഭിച്ചത് 350ലധികം പേർക്ക്, തിരുവനന്തപുരത്ത് കേന്ദ്രസഹമന്ത്രി കമലേഷ് പാസ്വാനും കൊച്ചിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപിയും നിയമന പത്രം വിതരണം ചെയ്തു.

   Over 350 people in Kerala receive appointment letters as part of the national-level Rozgar Mela, Union Minister of State Kamlesh Paswan and Union Minister of State Suresh Gopi distribute appointment letters in Thiruvananthapuram and Kochi respectively.

3. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതി, സിന്ധു നദിയിൽ നിന്നുള്ള ഒരു തുള്ളി വെള്ളം പോലും പാകിസ്ഥാന് നൽകില്ലെന്ന് കേന്ദ്ര മന്ത്രി സിആർ പാട്ടീൽ.

   The United Nations Security Council strongly condemns the terrorist attack in Pahalgam, Jammu and Kashmir; The government will ensure that not a single drop of water from the Indus River reaches Pakistan says Jal Shakti Minister CR Patil.

4. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട ചൊല്ലാനൊരുങ്ങി ലോകം, സംസ്കാര ചടങ്ങുകൾ അല്പസമയത്തിനകം, രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെ വിവിധ രാഷ്ട്രത്തലവൻമാർ റോമിൽ.

   The world is preparing to bid farewell to Pope Francis, the funeral ceremonies will be held shortly, various heads of state including President Droupadi Murmu reaches in Rome.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

   In IPL cricket, Kolkata Knight Riders will face Punjab Kings today.

****************

DAY. PM-ROZGAR MELA (INTRO)

യുവാക്കൾ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാകുമ്പോൾ, രാഷ്ട്രം അതിവേഗം വികസിക്കുകയും ആഗോള തലത്തിൽ തങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഠിനാധ്വാനത്തിലൂടെയും നവീനാശയങ്ങളിലൂടെയും രാജ്യത്തിന് എത്രമാത്രം കഴിവുണ്ടെന്ന് ഇന്ത്യൻ യുവാക്കൾ ലോകത്തിന് കാണിച്ചുകൊടുക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ തല റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിൽ നിയമിതരായ 51,000ത്തിലധികം യുവാക്കൾക്ക് വീഡിയോ കോൺഫറൻസിംഗിലൂടെ നിയമനപത്രം വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. യുവാക്കൾക്ക് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക, ആഭ്യന്തര സുരക്ഷ, ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, തൊഴിലാളികളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുക എന്നീ വലിയ ഉത്തരവാദിത്തങ്ങളുണ്ടെന്നും ശ്രീ മോദി പറഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ, മുംബൈയിൽ സംഘടിപ്പിക്കുന്ന ലോക ശ്രവ്യ ദൃശ്യ വിനോദ ഉച്ചകോടി- WAVES 202 ന്റെ കേന്ദ്രബിന്ദു രാജ്യത്തെ യുവാക്കളാണെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

(Hold voice)

****************

ROZGAR MELA_KERALA (INTRO)

2047 ൽ വികസിത ഭാരതം എന്ന് ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ യുവാക്കളുടെ ശക്തിയിൽ പൂർണ വിശ്വാസമുണ്ടെന്ന് കേന്ദ്രസഹമന്ത്രി കമലേഷ് പാസ്വാൻ.

15-ാമത് തൊഴിൽ മേളയുടെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിൽ മേളയിലൂടെ രാജ്യത്തെ സേവിക്കാൻ ലഭിക്കുന്ന ഈ ഉത്തരവാദിത്തം മികച്ച രീതിയിൽ നിർവഹിക്കണമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ആദായ നികുതി വകുപ്പിൻറെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച തൊഴിൽമേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിയമന പത്രം വിതരണം ചെയ്തു. യുവജന ശാക്തീകരണത്തിനും ദേശീയ വികസനത്തിനുമുള്ള ഉത്തേജകമാണ് തൊഴിൽമേളയെന്ന് അദ്ദേഹം പറഞ്ഞു.

****************

C.R PATTEEL

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാനെതിരെ നടപടികൾ കടുപ്പിച്ച് ഇന്ത്യ. സിന്ധു നദീജല കരാർ മരവിപ്പിച്ചതിന് പിന്നാലെ നദിയിൽ നിന്നുള്ള ഒരു തുള്ളി വെള്ളം പോലും പാകിസ്ഥാനിൽ എത്തുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കുമെന്ന് കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ പറഞ്ഞു.

കരാർ നിർത്തിവച്ചതിൻറെ ഭാവി നടപടികൾ ചർച്ച ചെയ്യാൻ ന്യൂഡൽഹിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കു കയായിരുന്നു അദ്ദേഹം.

****************

## ARMY-LOC FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി പാകിസ്ഥാൻ നടത്തിയ വെടിവയ്പ്പിന് തിരിച്ചടി നൽകി ഇന്ത്യൻ സൈന്യം. പാകിസ്ഥാൻ സൈന്യം യാതൊരു പ്രകോപനവുമില്ലാതെ വെടിവയ്പ്പ് നടത്തുകയായിരുന്നു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

****************

## PAK MINISTER TERRORISM

മൂന്ന് പതിറ്റാണ്ടുകളായി രാജ്യം തീവ്രവാദ ഗ്രൂപ്പുകളെ പിന്തുണച്ചിരുന്നുവെന്ന് പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ മുഹമ്മദ് ആസിഫ് സമ്മതിച്ചു. ഒരു ബ്രിട്ടീഷ് വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിൽ, പാക്കിസ്ഥാൻ ഭീകര സംഘടനകൾക്ക് ധനസഹായവും പിന്തുണയും നൽകിയ ചരിത്രത്തെക്കുറിച്ച് ചോദിച്ചപ്പോഴായിരുന്നു പാക് മന്ത്രിയുടെ പ്രതികരണം. ജമ്മു കശ്മീരിലെ പഹൽഗാമിൽ അടുത്തിടെ നടന്ന ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാക് മന്ത്രിയുടെ ഈ സമ്മതം പ്രാദേശിക അസ്ഥിരതയിൽ പാകിസ്ഥാന്റെ മുൻകാല ഇടപെടലുകളെക്കുറിച്ച് പുതിയ ആശങ്കകൾ ഉയർത്തുന്നതായാണ് വിലയിരുത്തപ്പെടുന്നത്.

****************

## UNSC-TERROR ATTACK

ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതി . ഭീകരത ആഗോള സമാധാനത്തിന് വലിയ ഭീഷണിയാണെന്നും എല്ലാ രൂപത്തിലും അതിനെതിരെ പോരാടേണ്ടതുണ്ടെന്നും കൗൺസിൽ അംഗങ്ങൾ പ്രസ്താവനയിൽ വ്യക്തമാക്കി. ആക്രമണത്തിന് പിന്നിലുള്ളവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും എല്ലാ രാജ്യങ്ങളും അന്താരാഷ്ട്ര നിയമപ്രകാരം സഹകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. ഇന്ത്യയും പാകിസ്ഥാനും സംയമനം പാലിക്കണമെന്നും കൂടുതൽ സംഘർഷം ഒഴിവാക്കണമെന്നും യുഎൻ വക്താവ് സ്റ്റെഫാൻ ഡുജാറിക് പറഞ്ഞു.

****************

GABBARD-TERROR ATTACK

പഹൽഗാമിലെ ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ അമേരിക്ക ഇന്ത്യയ്ക്കൊപ്പമുണ്ടെന്ന് യുഎസ് നാഷണൽ ഇൻ്റലിജൻസ് ഡയറക്ടർ തുല്സി ഗബ്ബാർഡ്. ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു .

****************

CM-Vizhinjam

വിഴിഞ്ഞം തുറമുഖത്തിൻറെ കമ്മീഷനിങ്ങിന് അടുത്ത മാസം രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി എത്തുന്നതിന് മുന്നോടിയായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഒരുക്കങ്ങൾ വിലയിരുത്തും. വൈകിട്ട് വിഴിഞ്ഞത്ത് നടക്കുന്ന അവലോകനയോഗത്തിൽ പങ്കെടുത്ത ശേഷം തുറമുഖവും പുലിമുട്ടും മുഖ്യമന്ത്രി സന്ദർശിക്കും.

****************

POP FRANCIS -FUNERAL

ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് വിട ചൊല്ലാനൊരുങ്ങി ലോകം. സംസ്കാര ചടങ്ങുകൾ ഇന്ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ന് റോമിലെ സെൻറ് മേരി മേജർ ബസലിക്കയിൽ നടക്കും. സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ നടക്കുന്ന പൊതുദർശനത്തിൽ പോപ്പിന് ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കുന്നു. കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ തുടങ്ങിയവരും രാഷ്ട്രപതിക്കൊപ്പമുണ്ട്. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും. അമേരിക്കൻ പ്രസിഡൻറ് ഡോണാൾഡ് ട്രംപ്, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോ ഉൾപ്പെടെയുള്ള ലോകനേതാക്കളും സംസ്കാര ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യയിൽ ഇന്ന് ദുഖാചരണമാണ്.

****************

KASTHOORIRANGAN

ഇന്നലെ അന്തരിച്ച ഐ എസ് ആർ ഒ മുൻ ചെയർമാനും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ശിൽപിയുമായ

കെ. കസ്തൂരിരംഗൻറെ ഭൗതികദേഹം നാളെ രാവിലെ 10 മണി മുതൽ ബംഗുളൂരുവിലെ രാമൻ റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ടിൽ പൊതുദർശനത്തിന് വെയ്ക്കും. -

9 വർഷക്കാലത്തോളം ഐ എസ് ആർ ഒ യുടെ നേതൃസ്ഥാനം വഹിച്ചിരുന്ന അദ്ദേഹം രാജ്യത്തിന്റെ സുപ്രധാന വിക്ഷേപണ വാഹനമായ PSLV വികസിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിരുന്നു. 2003 മുതൽ 2009 വരെ രാജ്യസഭാംഗമായിട്ടുണ്ട്.

***************

WORLD INTELLECTUAL PROPERTY DAY

ഇന്ന് ലോക ബൗദ്ധിക സ്വത്തവകാശ ദിനം. ബൗദ്ധിക സ്വത്തവകാശങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുക, ക്രിയാത്മകതയെ പരിപോഷിപ്പിക്കുക,

നൂതനാശയം സാധ്യമാക്കുക, ആഗോള സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നിവയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. ലോക ബൗദ്ധിക സ്വത്തവകാശ സംഘടനയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ബൗദ്ധിക സ്വത്തവകാശവും സംഗീതവും എന്നതാണ് ഈ വർഷത്തെ പ്രമേയം.

***************

IPL T20 Cricket

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7:30 ന് മത്സരം ആരംഭിക്കും. 8 മത്സരങ്ങളിൽ നിന്ന് 5 വിജയങ്ങളുമായി പോയിന്റ് പട്ടികയിൽ അഞ്ചാം സ്ഥാനത്താണ് പഞ്ചാബ്, അതേസമയം 8 മത്സരങ്ങളിൽ നിന്ന് 3 വിജയങ്ങൾ മാത്രം നേടി കൊൽക്കത്ത ഏഴാം സ്ഥാനത്താണ്.

***************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് നാളെ. പരിപാടിയുടെ 121-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

****************

## AKASHVANI-AWARDS

റേഡിയോ, ഓഡിയോ ഉള്ളടക്ക നിർമ്മാണത്തിലെ മികവിനെ അംഗീകരിക്കുന്ന ഇന്ത്യ ഓഡിയോ സമ്മിറ്റ് ആൻഡ് അവാർഡ്സിൽ വിവിധ വിഭാഗങ്ങളിലായി ആറ് പുരസ്കാരങ്ങൾ നേടി ആകാശവാണി . മുൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയുടെ 'നയി സോച്ച് നയി കഹാനി - എ റേഡിയോ ജേർണി വിത്ത് സ്മൃതി ഇറാനി' എന്ന പരിപാടി റേഡിയോ സീരീസ് ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു.ആകാശവാണി ഡയറക്ടർ ജനറൽ പ്രഗ്യ പാലിവാൾ ഗൗർ ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു

****************

## VAISHNO DEVI SECURITY

ജമ്മു കശ്മീരിൽ, വൈഷ്ണോ ദേവി തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മെയ് ആദ്യ വാരത്തോടെ റിയാസി ജില്ലയിലെ കത്ര പട്ടണത്തിൽ ഏകീകൃത കമാൻഡ് ആൻഡ് കൺട്രോൾ സെൻ്റർ പ്രവർത്തനക്ഷമമാകും. സുരക്ഷിതവും സുഗമവുമായ തീർത്ഥാടനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന സന്നദ്ധതയും സുരക്ഷാ നടപടികളും വിലയിരുത്തുന്നതിനായി ശ്രീ മാതാ വൈഷ്ണോ ദേവി ദേവാലയ ബോർഡ് ഇന്നലെ സംയുക്ത സുരക്ഷാ അവലോകന യോഗം നടത്തി.സുരക്ഷാ ഏജൻസികൾ, സൈന്യം, രഹസ്യാന്വേഷണ സേവനങ്ങൾ, സിവിൽ അഡ്മിനിസ്ട്രേഷൻ എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

****************

DELHI – ROBOTIC SURGERY

ദേശീയ തലസ്ഥാനമായ ഡൽഹിയിലെ സഫ്ദർജംഗ് ആശുപത്രിയിൽ ലോകത്തിലെ ഏറ്റവും വലിയ അഡ്രീനൽ ട്യൂമർ ചെറിയ അളവിലുള്ള പുറം മുറിവോടെ റോബോട്ടിക് രീതിയിൽ നീക്കം ചെയ്തു. 36 വയസ്സുള്ള ഒരു സ്ത്രീയിലാണ് സങ്കീർണ്ണമായ ശസ്ത്രക്രിയ നടത്തിയത്.

****************

*********

*****